വാഗ്ദത്തമേകിയോൻ യേശുവല്ലോ
വാക്കു മാറാത്തവൻ നാഥനല്ലോ
വീണാലും താണാലും താങ്ങുന്നവൻ
കരം പിടിച്ചെന്നെ നടത്തുന്നവൻ
പരദേശിയായി നടന്നീടുമ്പോൾ
താങ്ങും തണലുമായ് കൂടെ വരും
വാഗ്ദത്ത...1
പൂർവ്വപിതാവായ അബ്രാഹാമി-
നേകിയ വാഗ്ദത്തം ഏഴല്ലയോ
പേർചൊല്ലി വിളിച്ചവൻ ദൈവമല്ലോ
വഴിയിൽ നിന്നെ വിട്ടു പോകാത്തവൻ
വാഗ്ദത്ത...1
ഈ തീർത്ഥയാത്രയിന്നന്ത്യകാലേ
നിത്യമാം ജീവങ്കലെത്തിച്ചേരും
നീയൊരനുഗ്രഹമാകുമല്ലോ
വിശ്വസിക്കുന്നവർക്കെല്ലാർക്കുമേ
വാഗ്ദത്ത...1
നിന്നെ അനുഗ്രഹിക്കുമേവരേയും
ഞാനനുഗ്രഹിക്കുമെന്നീശൻ ചൊന്നു
നിന്നെ ശപിക്കുന്ന ഏവരേയും
ഞാനും ശപിക്കുമെന്നീശൻ ചൊന്നു
വാഗ്ദത്ത...1
നിന്നിൽ വസിച്ചുകൊണ്ടീയുലകം
കീഴ്മേൽ മറിക്കുന്ന നാൾ വരുന്നു
സുവിശേഷ കാഹളധ്വനി മുഴക്കാൻ
നിന്നെ എൻവചനത്താൽ നിറച്ചിടും ഞാൻ
വാഗ്ദത്ത...1
നിൻഭാരമഖിലവും ഞാൻ വഹിക്കാം
വാർദ്ധക്യകാലത്തും ഫലസമൃദ്ധി
അന്ത്യമാം കാഹളം മുഴങ്ങിടുമ്പോൾ
പറന്നു നീ വന്നിടുമെന്നരികിൽ
വാഗ്ദത്ത...2
വീണാലും...2
വാഗ്ദത്ത...1

Vaagdatthamekiyoniͯ Yeshuvallo
Vaakku Maaraatthavaniͯ Naathanallo 2
Veenaalum Thaanaalum Thaangunnavaniͯ
Karam Pidicchenne Nadatthunnavaniͯ 2
Paradeshiyaayi Nadanneedumpoliͯ
Thaangum Thanalumaayu Koode Varum 2
Vaagdattha...1 PooriͯVvapithaavaaya Abraahaami-
Nekiya Vaagdattham Ezhallayo 2
PeriͯCholli Vilicchavaniͯ Dyvamallo
Vazhiyiliͯ Ninne Vittu Pokaatthavaniͯ 2
Vaagdattha...1
Ee TheeriͯThthayaathrayinnanthyakaale
Nithyamaam Jeevankaletthiccherum 2
Neeyoranugrahamaakumallo
VishvasikkunnavariͯKkellaariͯKkume 2
Vaagdattha...1
Ninne Anugrahikkumevareyum
Njaananugrahikkumenneeshaniͯ Chonnu 2
Ninne Shapikkunna Evareyum

Njaanum Shapikkumenneeshan Chonnu 2
Vaagdattha...1
Ninnil Vasicchukondeeyulakam
Keezhmel Marikkunna Naal Varunnu 2
Suvishesha Kaahaladhvani Muzhakkaan
Ninne En Vachanatthaal Niracchidum Njaan 2
Vaagdattha...1
Nin Bhaaramakhilavum Njaan Vahikkaam
Vaar Ddhakyakaalatthum Phalasamruddhi 2
Anthyamaam Kaahalam Muzhangidumpol
Parannu Nee Vannidumennarikil 2
Vaagdattha...2
Veenaalum...2 Vaagdattha...1